LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ അന്യ സംസ്ഥാനത്ത് നടത്തിയ ചികിത്സാ ചെലവിനായി അപേക്ഷിക്കുന്നതിന്റെ നടപടി ക്രമങ്ങൾ വിശദമാക്കാമോ?

വരുമാന പരിധി 2 ലക്ഷം രൂപയ്ക്ക് താഴെ വരുന്ന കുടുംബത്തിൽപെടുന്നവർക്ക് 6 മാസത്തിനുള്ളിൽ ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ(ആധാർ)/റേഷൻകാർഡ്,ബാങ്ക് അക്കൗണ്ട് വിവരം എന്നിവ ഉൾപ്പെടുത്തിയ അപേക്ഷ അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി സി.എം.ഒ. പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി

51 (1412) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര രൂപ മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് വിവിധ രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 852,23,22,703 രൂപ (എണ്ണൂറ്റി അൻപത്തിരണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി രണ്ട് ആയിരത്തി എഴുന്നൂറ്റി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ രോഗികൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജീവിത ശൈലീ രോഗങ്ങൾ ഒഴികെയുള്ള കാൻസർ, കിഡ്നി, ഹൃദയം, കരൾ, മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയ മാരക രോഗങ്ങൾക്ക് സഹായം അനുവദിക്കുന്നുണ്ട്.

ചികിത്സാസഹായം

52 (1413) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട കാൻസർ രോഗികൾക്കും ആന്തരിക അവയവങ്ങളുടെ ചികിത്സ നടക്കുന്നവർക്കും മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും നൽകിവരുന്ന തുക കാലോചിതമായി വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പരിഗണനയിൽ ഇല്ല. എന്നാൽ 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസ നിധിയിൽനിന്ന് ജില്ലാകളക്ടർക്ക് അനുവദിക്കാമായിരുന്ന തുക 2,000 രൂപയിൽനിന്ന് 10,000 രൂപയായും റവന്യൂ മന്ത്രിക്ക് 5,000 രൂപ വരെയെന്നത് 25,000 രൂപയായും മുഖ്യമന്ത്രിക്ക് അനുവദിക്കാമായിരുന്ന 1 ലക്ഷം രൂപ 3 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്, ഇതിനു പുറമേ റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000 രൂപ അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്. ധനസഹായ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയിൽനിന്ന് 2 ലക്ഷം രൂപയായി ഉയർത്തി. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000 രൂപ വീതം അനുവദിച്ച് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകി. തീ പിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസ്സുകളിൽ പരമാവധി 1 ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസ്സുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് 20,000 രൂപയും നൽകിവരുന്നുണ്ട്.

(ബി) ഇപ്രകാരമുള്ളവരുടെ ചികിത്സാ ആവശ്യങ്ങൾക്ക് വേണ്ടി പ്രത്യേക സഹായം ലഭ്യമാക്കാൻ തിരുവല പഞ്ചായത്തുകൾക്ക് അനുമതി നൽകുമോ;

&

(സി) കാൻസർ, വൃക്ക, ഹൃദ്രോഗം തുടങ്ങിയ ചികിത്സകൾക്കായി കിടപ്പാടം പണയപ്പെടുത്തി ജപ്തി ഭീഷണികൾ നേരിടുന്നവരെ സഹായിക്കാൻ അതാത് മേഖലകളിൽ ഉള്ള കടാശ്വാസ കമ്മീഷൻ പദ്ധതിയിൽ മുൻഗണന നൽകുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

റീബിൽഡ് കേരള പദ്ധതി

53 (1414) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

LIBRARY ARCHIVES Kerala Legislative Assembly